കേരള സർക്കാർ

നം. 38398/ജെ2/10/പൊ.വി.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/07/2010

പ്രേക്ഷിതൻ
സെക്രട്ടറി

സ്വീകർത്താവ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം:- എയ്ഡഡ് സ്കൂളുകളിലെ അധിക ഡിവിഷൻ ഒഴിവുകളിലെ നിയമനാംഗീകാരം-സ്പഷ്ടീകരണം-സംബന്ധിച്ച്

സൂചന:- (1) 12/01/10-ലെ ജി.ഒ.(പി) നം. 10/10/പൊ.വി.
(2) കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/06/10-ലെ സി/189/10-നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ചില എയ്ഡഡ് സ്കൂൾ മാനേജർമാർ അവരുടെ സ്കൂളുകളിലെ അധിക ഡിവിഷൻ ഒഴിവുകളിലെ നിയമനാംഗീകാരത്തിന്, ഉപാധികളോടുകൂടിയ സമ്മതപത്രങ്ങൾ ഹാജരാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സമ്മതപത്രങ്ങൾ, സൂചന (1) ഉത്തരവിന്റെ അന്ത:സത്തയ്ക്ക് ചേരുന്നതല്ല. അതിനാൽ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകളല്ലാതെ, മറ്റ് ഉപാധികളോ വ്യവസ്ഥകളോ ഉൾക്കൊള്ളുന്ന സമ്മതപത്രങ്ങൾ സ്വീകരിക്കരുതെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുവാനും ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും താങ്കളെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

പി.വനജ
അഡീഷണൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്: ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ.